കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ ടി എസ് ആർ (പി 9)146/2023.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 30/03/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ ടി എസ് ആർ (പി 9)146/2023. തീയ്യതി: 30/03/2023

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-10-2021 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി **(മുതൽ)**	തീയതി **(വരെ)**
ശ്രീ എൻ സതീശൻ	ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)	05-01-2023	16-01-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി **(മുതൽ)**	തീയതി **(വരെ)**
05-01-2023	16-01-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മീര ടി, ഓഡിറ്റ് ഓഫീസർ

ശ്രീമതി ഷൈനി കൃഷ്ണദാസ്. ഇ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ധന്യ എ. സുരേന്ദ്രൻ, ഓഡിറ്റർ

ശ്രീ. രഞ്ജിത്ത് പി. ആർ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ശ്രീദേവി ജയരാജൻ	പ്രസിഡന്റ്	01-04-2021	31-03-2022
ശ്രീമതി രാജി കെ	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-04-2021	07-04-2021
ശ്രീ വേണുഗോപാൽ	സെക്രട്ടറി	08-04-2021	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി രാജി കെ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2021	31-03-2022
ശ്രീമതി വിജിത കെ വി	അസിസ്റ്റന്റ് എഞ്ചിനീയർ,എൽ എസ് ജി ഡി സെക്ഷൻ	01-04-2021	31-03-2022
ഡോ ടി ജി വിനോദ്കുമാർ	വെറ്ററിനറി സർജൻ	01-04-2021	02-01-2022
ഡോ അനീഷ്കുമാർ	വെറ്ററിനറി സർജൻ	03-01-2022	31-03-2022
ശ്രീമതി റിസമോൾ സൈമൺ	കൃഷി ഓഫീസർ	01-04-2021	31-03-2022
ശ്രീമതി റാഹില എം എം	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2021	31-03-2022
ശ്രീമതി കെ എസ് ശാലിനി	ഹെഡ്മിസ്ട്രസ്സ് , ജിഎൽപിഎസ് ,പെരുവല്ലൂർ	01-04-2021	31-03-2022
ശ്രീ പ്രകാശൻ ടി	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ	01-04-2021	31-03-2022
ശ്രീമതി മോനിഷ	ക്ഷീര വികസന ഓഫീസർ	01-04-2021	31-03-2022
ഡോ പ്രവീൺ സി വിശ്വം	മെഡിക്കൽ ഓഫീസർ,ഹോമിയോ	01-04-2021	31-03-2022
ഡോ. എം. എ രാമചന്ദ്രൻ	മെഡിക്കൽ ഓഫീസർ, സി എച്ച് സി	01-04-2021	31-03-2022
ഡോ. രശ്മി എം	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2021	31-03-2022
ഡോ. ജോത്സ്ന	മെഡിക്കൽ ഓഫീസർ	01-04-2021	31-03-2022

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷികധനകാര്യപത്രിക സമർപ്പിച്ചതിന്റെ വിവരം	1-2
3	സാമ്പത്തിക വിശകലനം	1-3
4	ഗ്രാന്റ് വിനിയോഗം	1-4
5	പദ്ധതി അവലോകനം	1-5
6	ക്ഷേമ പെൻഷനുകൾ	1-6
7	തൊഴിലുറപ്പ് പദ്ധതി	1-7
8	ക്യാഷ് ബാലൻസ് പരിശോധന	1-8
9	ആഭ്യന്തര നിയന്ത്രണം	1-9
10	വാർഷിക കണക്കിലെ അപാകതകൾ	1-10
11	വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.	1-10-1
12	വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല	1-10-2
13	വസ്തു നികുതി-നോൺ റെസിഡെൻഷ്യൽ (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല	1-10-3
14	വസ്തു നികുതി-റെസിഡെൻഷ്യൽ (കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല	1-10-4
15	വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല	1-10-5
16	ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല	1-10-6
17	വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല	1-10-7
18	വസ്തു നികുതി മുൻകൂർ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല	1-10-8
19	വരവ് രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല	1-10-9
20	തൊഴിൽ നികുതി(ജീവനക്കാർ)-രജിസ്റ്ററും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല	1-10-10
21	Prior Period -വൗച്ചറുകൾ സൂക്ഷിക്കുന്നില്ല	1-10-11
22	പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.	1-10-12

23	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.	1-10-13
24	രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു.	1-10-14
25	ഡിപ്രിസിയേഷൻ - അതാത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനക്രമീകരിച്ചിട്ടില്ല	1-10-15
26	തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തുന്നില്ല	1-10-16
27	ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ,അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ലോൺറെജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല	1-10-17
28	ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ബാങ്ക് അക്കൌണ്ടിലെ നീക്കിയിരിപ്പ് തുകയും പൊരുത്തപ്പെടുന്നില്ല	1-10-18
29	ബാലൻസ് ഷീറ്റ് B-1 ഷെഡ്യൂൾ പഞ്ചായത്ത് ഫണ്ട് നീക്കിയിരിപ്പ് കണക്കാക്കിയതിൽ വ്യത്യാസം	1-10-19
30	ബാങ്കിൽ നിക്ഷേപിച്ച തുകകൾ കാഷ് ചെയ്യാത്തത് 10,025 രൂപ	1-10-20
31	Capital Work In Progress-ജേണൽ വൗച്ചർ ഹാജരാക്കിയില്ല	1-10-21
32	ഗ്രാന്റ് വിനിയോഗിച്ചുള്ള ആസ്തികൾ-തത്തുല്യമായ തുക " Capital Contribution”ശീർഷകത്തിലേക്ക് മാറ്റിയില്ല	1-10-22
33	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല	1-10-23
34	ഇൻവെസ്റ്റ്മെന്റുകൾ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല	1-10-24
35	പഞ്ചായത്ത് ലൈബ്രറി- രസീതു ബുക്കുകളും കളക്ഷൻ രജിസ്റ്ററുകളും പരിശോധനക്കായി ഹാജരാക്കിയില്ല	1-11
36	റേഷൻ റീട്ടെയിൽ ഡിപ്പോകൾക്ക് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു	1-12
37	ലേലം-ഫയലുകൾ പരിശോധനക്കായി ലഭ്യമാക്കിയില്ല	1-13
38	കെട്ടിടങ്ങൾ വാടകക്ക് നൽകുന്നത് സംബന്ധിച്ച ബൈലോ കാലികമാക്കേണ്ടതാണ്.	1-14
39	കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	1-15
40	സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	1-16
41	വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല	1-17
42	വസ്തുനികുതി ഈടാക്കിയതിലെ അപാകതകൾ	1-18
43	റഗുലറൈസേഷനായി നൽകിയ അപേക്ഷളിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല	1-19
44	ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ പെയ്ൻ ആന്റ് പാലിയേറ്റീവ് കെയർ	1-20

	പദ്ധതിയ്ക്കായ് വാഹനം വാടകയ്ക്കെടുത്ത	
45	സാമൂഹ്യ സുരക്ഷ പെൻഷൻ-മരണപ്പെട്ട ഗുണഭോക്താക്കളെ പെൻഷൻ ഡാറ്റാബേസിൽ നിന്നും യഥാസമയം നീക്കം ചെയ്യേണ്ടതാണ്	1-21
46	സ്റ്റോർ പർച്ചേസ് മാനുൽ- നിബന്ധന പാലിക്കാതെ വാങ്ങൽ	1-22
47	ചെലവ് രേഖകൾ ഹാജരാക്കിയില്ല,272550 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-23
48	മരുന്ന് ലഭ്യമാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.	1-24
49	ഗ്രാമ പഞ്ചായത്തിന്റെ വികസനപദ്ധതികൾ - വിവരങ്ങൾ ലഭ്യമാക്കിയില്ല	1-25
50	പഞ്ചായത്തിന്റെ ഭരണ റിപ്പോർട്ട് വിവരം ലഭ്യമാക്കിയില്ല	1-26
51	പൗരാവകാശരേഖ പുതുക്കി കാലാനുസൃതമാക്കൽ - വിവരം ലഭ്യമാക്കേണ്ടതാണ്	1-27
52	കുടിവെള്ള പദ്ധതികൾ - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതും, ബാലൻസ് തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്	1-28
53	പെർഫോർമൻസ് ബേസ്ഡ് ഇൻസന്റീവ് ഗ്രാന്റ് - കൃത്യമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല	1-29
54	വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം, രശീതി എന്നിവ ലഭ്യമാക്കിയിട്ടില്ല	1-30
55	എം.സി.എഫ്-ൽ ബേലിംഗ് യൂണിറ്റ് സ്ഥാപിക്കൽ- യൂണിറ്റ് പ്രവർത്തന സജ്ജമാക്കിയിട്ടില്ല	1-31
56	സ്ട്രീറ്റ് ലൈറ്റ് എ.എം.സി- രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്	1-32
57	ടി.വി സദനത്തിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ - ചെലവ് രേഖകൾ ഹാജരാക്കിയില്ല തുക തടസ്സപ്പെടുത്തുന്നു.	1-33
58	ക്ലബുകൾക്ക് സ്പോട്സ് കിറ്റ് വിതരണം- ചെലവ് രേഖകൾ ഹാജരാക്കിയില്ല തുക തടസ്സപ്പെടുത്തുന്നു	1-34
59	ലൈഫ് പദ്ധതി (എസ്.സി) - തുടർനടപടി വിവരം അറിയിക്കേണ്ടതാണ്	1-35
60	പൂർത്തീകരണ കാല താമസം- പിഴ ഈടാക്കിയിട്ടില്ല	1-36
61	കമ്മിറ്റി തീരുമാനം- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്	1-37
62	വിവിധ കുടി വെള്ള പദ്ധതികൾ,ബോർവെൽ നിർമ്മാണം എന്നിവക്കായി ഭൂജല വകുപ്പിന് കൈമാറിയ തുക -പൂർത്തീകരണ വിവരങ്ങൾ ലഭ്യമായിട്ടില്ല	1-38
63	കന്നുകുട്ടി പരിപാലനം- വിട്ടുപോയ ഗുണഭോക്താക്കൾക്കായി അടവാക്കിയ സബ്സിഡി തുക SLBP യിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്	1-39

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

ഭാഗം 4

1	സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	സ്ഥിര നിക്ഷേപം	4-3
4	വായ്പ / വായ്പാതിരിച്ചടവ്	4-4
5	ഓഡിറ്റ് റിക്കവറി	4-5
6	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-6
7	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-7
8	ഓഡിറ്റ് പ്രത്യവലോകനം	4-8
9	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും	4-10

അനുബന്ധം

1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 15.02.2021-ലെ തീരുമാനം 2 പ്രകാരം, 2021-22 വർഷത്തെ ബജറ്റ് തയ്യാറാക്കിയത് അംഗീകരിക്കുകയും ആയത് പാസ്സാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയോട് ശുപാർശ ചെയ്യുകയും ചെയ്തു. 17.02.2021-ലെ ഭരണസമിതി യോഗത്തിൽ വൈസ് പ്രസിഡന്റ് കരട് ബജറ്റ് ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി അവതരിപ്പിച്ചു. ഇതനുസരിച്ച് മുൻബാക്കി 12557474/- രൂപയും, പ്രതീക്ഷിത വരുമാനം 159235000/- രൂപയും ചേർത്ത് ആകെ വരവ് 171792474/- രൂപയും ആകെ ചെലവ് 167331000/- രൂപയും നീക്കിബാക്കി 4461474/- രൂപയും ആണ്. തുടർന്ന് പഞ്ചായത്ത് ഭരണസമിതിയുടെ 18.02.21-ലെ തീരുമാനം 2(1) പ്രകാരം, 2021-22 വർഷത്തെ ബജറ്റ് താഴെ കൊടുത്തിരിക്കുന്ന ഭേദഗതികളോടെ അംഗീകരിച്ചു.

ആകെ വരവ് - 171792474

ആകെ ചെലവ് - 16880100

നീക്കി ബാക്കി - 2991474

25.03.22-ലെ ഭരണസമിതി യോഗത്തിലെ തീരുമാനം 1 പ്രകാരം (ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 21.03.2022-ലെ തീരുമാനം 4(4) പ്രകാരം അംഗീകരിച്ച) 2021-22 വർഷത്തെ പുതുക്കിയ ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരം മുൻബാക്കി 7544980/- രൂപയും, പ്രതീക്ഷിത വരുമാനം 145820145/- രൂപയും ചേർത്ത് ആകെ വരവ് 153365125/- രൂപയും ആകെ ചെലവ് 150507473/- രൂപയും നീക്കിബാക്കി 2857652/- രൂപയും ആണ്.

1)1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 214-ാം വകുപ്പനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോവർഷവും ജനവരി 15-ാം തീയതിക്കു മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. ഇപ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളേയും കേരള പഞ്ചായത്ത് രാജ് നിയമത്തിലെ എല്ലാ ആവശ്യങ്ങളേയും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അതിൽ നിന്നും പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ഒരു ബജറ്റ് തയ്യാറാക്കേണ്ടതായുണ്ട്. അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ മാർച്ച് മാസത്തെ ആദ്യത്തെ ആഴ്ച പഞ്ചായത്ത് മുൻപാകെ അതിന്റെ പ്രത്യേക യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കണം. ഇപ്രകാരം ലഭിക്കുന്ന നിർദ്ദേശങ്ങൾ പഞ്ചായത്ത് പരിഗണിക്കുകയും ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി ഭേദഗതികൾ സഹിതം പാസ്സാക്കേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്ത് ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി പരിഗണിക്കുകയും പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

2) 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 71 അനുസരിച്ച് അക്രൂവൽ അടിസ്ഥാനത്തിലുള്ള ബജറ്റാണ് പഞ്ചായത്ത് തയ്യാറാക്കേണ്ടത്. ബജറ്റ് എസ്റ്റിമേറ്റിനൊപ്പം താഴെ നിർദ്ദേശിക്കുന്ന പത്രികകൾ കൂടി ഉണ്ടായിരിക്കേണ്ടതാണ്.

(I) റവന്യൂ വരുമാനം സംബന്ധിച്ച എസ്റ്റിമേറ്റ്

(Ii) റവന്യൂ ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iii) മൂലധന വരവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iv) മൂലധന ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(V) വായ്പാ തിരിച്ചടവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Vi) വായ്പകളും മുൻകൂറുകളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Vii)ഡെപ്പോസിറ്റുകളും, റിക്കവറികളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Viii) നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ്

എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ശുപാർശ ചെയ്തതും പഞ്ചായത്ത് അംഗീകരിച്ചതും ആയ ബജറ്റിൽ മേൽ വിവരിച്ച പ്രകാരം പ്രത്യേകം പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ടുതന്നെ പഞ്ചായത്ത് പാസ്സാക്കിയ ബജറ്റ് ചട്ട വ്യവസ്ഥ

പാലിക്കപ്പെട്ടതല്ല.

3) ബജറ്റ് പാസ്സാക്കി കഴിഞ്ഞാലുടനെ ആയതിന്റെ പകർപ്പ് ഓഡിറ്റർമാർക്ക് നൽകേണ്ടതാണെന്ന കേരള പഞ്ചായത്ത് രാജ് നിയമം 214 (7) വകുപ്പനുസരിച്ച് വ്യവസ്ഥ പാലിച്ചിട്ടില്ല.

1-2 വാർഷികധനകാര്യപത്രിക സമർപ്പിച്ചതിന്റെ വിവരം

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31-07-2021	5.12.22

1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

-	തുക (രൂപ)
മുന്നിരിപ്പ്	13330770
ഓഡിറ്റ് വർഷത്തെ വരവ്	79662524
ആകെ	92993294
ഓഡിറ്റ് വർഷത്തെ ചെലവ്	79485746
നീക്കിയിരിപ്പ്	13507548

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	വരവ്	ചെലവ്	നീക്കിയിരിപ്പ്
വികസനഫണ്ട്-ജനറൽ	12142666	12142666	0
വികസനഫണ്ട്-എസ്.സി.പി	6847955	6556138	291817
വികസനഫണ്ട്-ടി.എസ്.പി	0	0	0
മെയിന്റനൻസ്-റോഡ്	9884083	5997382	3886701
മെയിന്റനൻസ്-റോഡിതരം	4874047	2886284	1987763
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Basic Grant)	4372426	791703	3580723
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied Grant)	5710000	2585504	3124496

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചവ (എണ്ണം)	അടങ്കൽ (തുക)	നടപ്പിലാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പിലാക്കിയത്	നടപ്പിലാക്കാത്തത്	പൂർത്തീകരിച്ചതിന്റെ ശതമാനം
201	73497957	108	44521588	29	64	53.7%

1-6 ക്ഷേമ പെൻഷനുകൾ

പദ്ധതിയുടെ പേര്	ചെലവ് തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിതവേതനം	0	0
കർഷകതൊഴിലാളി പെൻഷൻ	7,167,500	4926
വിധവാ പെൻഷൻ	16,536,200	10578
വാർദ്ധക്യകാലപെൻഷൻ	28,288,800	18899
വികലാംഗപെൻഷൻ	3,951,200	2582
50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	2,209,000	1412

വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	120,000	4

1-7 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	9364	811032	820396	820380	16
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	23142346	23142346	23142346	0

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.01.2023 തീയതിയിൽ 3.20 P.M ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8692/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

1-10 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്കിലെ അപാകതകൾ ചുവടെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 8/7.01.23 ന മറുപടി ലഭ്യമാക്കിയില്ല.)

1-10-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

1-10-2 വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ (തൻവർഷം)

ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി	
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	1958150	1941642	16487	3628
വാർഷികകണക്കിലെ	1958150	1938035	16487	3632

വിവിധ പത്രികകൾ പ്രകാരം	(ഇൻകം & എക്സ്dപെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)	(350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ)	(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു

1.കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.
2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.
3.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 3607 രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡി.സി.ബി തയ്യാറാക്കുന്ന സോഫ്റ്റവെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 8/07.01.23 ന് മറുപടി ലഭ്യമാക്കിയില്ല.)

1-10-3 വസ്തു നികുതി-നോൺ റെസിഡെൻഷ്യൽ (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (തൻവർഷം)

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	1364573	1355691	6790	3550
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	1364573	1354233	6790	*3551
	(ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43)	(350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ)	*(3729 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

1.കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 1458 രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റവെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ്-(കളക്ഷൻ+ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.
(ഓഡിറ്റ് എൻക്വയറി നമ്പർ 8/07.01.23 ന് മറുപടി ലഭ്യമാക്കിയില്ല.)

1-10-4 വസ്തു നികുതി-റെസിഡെൻഷ്യൽ (കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ (കുടിശ്ശിക)

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	23140	13824	9316
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	*23165	13824	**9332
	*(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (16515+7808=24323/105*100)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)	**(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (9799/105X100)

1.ഡിമാന്റ് പൊരുത്തപ്പെടുന്നില്ല.
2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ്-(കളക്ഷൻ+ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.
(ഓഡിറ്റ് എൻക്വയറി നമ്പർ 8/07.01.23 ന് മറുപടി ലഭ്യമാക്കിയില്ല.)

1-10-5 വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ(കുടിശ്ശിക)

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	9153	4032	5121
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	9164	4032	*5126
	(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(2325+7297=9622/105*100)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43)	*(5382/105X100)=5126 ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

1.ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.
(ഓഡിറ്റ് എൻക്വയറി നമ്പർ 8/07.01.23 ന് മറുപടി ലഭ്യമാക്കിയില്ല.)

1-10-6 ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ	ഡിമാന്റ്	ബാക്കി

		തൻ വർഷം	കുടിശ്ശിക	ആകെ	തൻ വർഷം	കുടിശ്ശിക	ആകെ	ക്രമീകരിച്ചത്	കുറവ് ചെയ്തത്	തൻ വർഷം	കുടിശ്ശിക	ആകെ
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	റെസിഡൻഷ്യൽ	99884	1182	101066	98881	699	99580	936		186	483	669
	നോൺ-റെസിഡൻഷ്യൽ	68704	469	69173	68239	208	68447	355		179	261	440
	ആകെ			170239			168027			1109		
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം		170782			173654				169131	1108		
		(2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies...... ലെഡ്ജർ 2021-22)			(റസീറ്റ് & പേയ്മെന്റ് പത്രിക,ഷെഡ്യൂൾ ആർ.പി-35(വരവ്))				(431910101 -State Govt . Cess/levies...... ലെഡ്ജർ 2021-22)	(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)		

1.ഡിമാന്റ്, കളക്ഷൻ, മുൻകൂർ ക്രമീകരിച്ചത് എന്നി തുകകൾ പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

3.തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 173654 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 168027 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല , മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 169131 രൂപയാണ്. (വൗച്ചർ 42100947 തീ. 31.03.22, 42100981 തീ. 31.03.2022 (908+168223))

1-10-7 വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ മുല്ലശ്ശേരി പഞ്ചായത്തിൽ 132 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22-ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-10-8 വസ്തു നികുതി മുൻകൂർ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്രമ നം.	ശീർഷകം	ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ	സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ
1	350410101-Advance Collection Of Revenues -Property Tax On Residential Building	345200	263312
2	350410104-Advance Collection Of Revenues -Property Tax On Non-Residential Building	58689	37866

1-10-9 വരവ് രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3.ഡി&ഒ ഡിമാന്റ് രജിസ്റ്റർ വാടക ഡിമാന്റ് രജിസ്റ്റർ

4.ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

5.ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

1-10-10 തൊഴിൽ നികുതി(ജീവനക്കാർ)-രജിസ്റ്ററും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല

കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന താഴെ ചേർത്തിരിക്കുന്ന ഇനങ്ങൾ അതാത് വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

ഇനം	ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം വരുമാനമായി ചേർത്ത തുക	റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം	രജിസ്റ്റർ പ്രകാരം കളക്ഷൻ
തൊഴിൽ നികുതി (ജീവനക്കാർ)	1109370	1074620	1109370

1-10-11 Prior Period -വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-19) പ്രകാരം "Prior Period Income" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-19)	31/3/2022ലെ ലെഡ്ജർ ബാക്കി
190100102-Prior Period Income -Profession Tax Of	300

Institutions/professionals/traders	
190200302-Prior Period Income-Electricity Charges Collected	248
190200401-Prior Period Income-Other Incomes	727

1-10-12 പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.

ബാലൻസ് ഷീറ്റ് B-17 പ്രകാരമുള്ള ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. (കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 57)).

1-10-13 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-10-14 രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-10-15 ഡിപ്രിസിയേഷൻ - അതാത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനക്രമീകരിച്ചിട്ടില്ല

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിയിസേഷൻ, അക്യുമലേറ്റഡ് ഡിപ്രിയിസേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

1-10-16 തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തുന്നില്ല

തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 23142346 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ ആസ്തി നിർമിക്കുന്നതിനുള്ള 5121000 രൂപയുടെ മൂലധനചെലവും ഉൾപ്പടുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രവൃത്തിയുടെ പേര്	തുക
1	റോഡ്	3156537
2	മറ്റു പ്രവൃത്തികൾ	1964463

ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ 5121000 രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ 5121000 രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.

1-10-17 ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ,അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ലോൺറെജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ എഴുതിത്തയ്യാറാക്കിയിട്ടില്ല ആയതിനാൽ 31.03.2022 ലെ നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ B-7/B-12/B-18/B-11/B-14/B-5 പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. വായ്പ ഇനത്തിൽ തൻവർഷം 1085334 രൂപ തിരിച്ചടച്ചിട്ടുണ്ട്. 31/3/2022-ൽ രൂപ 2577034 രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ട്. എന്നാൽ ഈ വിവരങ്ങൾ രേഖപ്പെടുത്തി വായ്പ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ആയിനാൽ തിരിച്ചടവിന്റെയും നീക്കിയിരുപ്പിന്റെയും കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-10-18 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ബാങ്ക് അക്കൌണ്ടിലെ നീക്കിയിരിപ്പ് തുകയും പൊരുത്തപ്പെടുന്നില്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

ക്രമ നമ്പർ	ശീർഷകം	ബാങ്ക് അക്കൗണ്ട്	തുക
1	450210101	SBI-LIFE	109376
2	450210101	SIB-PFMS	4219872
3	450210101	UBI-551102010011964	812
4	450210102	Mullassery Service Co-Operative Society-Distress Relief Fund	123
5	450210102	Other Co-op Bank(3930)	5599

1-10-19 ബാലൻസ് ഷീറ്റ് B-1 ഷെഡ്യൂൾ പഞ്ചായത്ത് ഫണ്ട് നീക്കിയിരിപ്പ് കണക്കാക്കിയതിൽ വ്യത്യാസം

ഗ്രാമപഞ്ചായത്തിൽ 06.09.21 നാണ് ILGMS ആരംഭിച്ചത്. 05.09.21 ലെ സാംഖ്യയിലേയും അതേ തിയതിയിലെ ILGMS ലേയും ബാലൻസ്ഷീറ്റ് B-1 പ്രകാരം പഞ്ചായത്ത് ഫണ്ട് നീക്കിയിരിപ്പ് തുക വ്യത്യാസപ്പെട്ടിരിക്കുന്നു.

ഇനം	5.09.21ലെ സാംഖ്യയിലെ നീക്കിയിരിപ്പ് തുക	5.09.21 ലെ ILGMSലെ നീക്കിയിരിപ്പ് തുക
Panchayat Fund - General Fund	42,84,079	42,84,079
Excess Of Income Over Expenditure	(1,27,94,823)	37,98,570
ആകെ	(85,10,744)	80,82,649

സാംഖ്യയിൽ നിന്നും ILGMS ലേക്ക് മാറിയപ്പോൾ പഞ്ചായത്ത് ഫണ്ടിലുണ്ടായ ഈ വ്യത്യാസം 31.03.22 ലെ ബാലൻസ്ഷീറ്റിലും പ്രതിഫലിച്ചിട്ടുണ്ട്.

31.03.2021 ലെ ബാലൻസ്ഷീറ്റ് B-1പ്രകാരമുള്ള നീക്കിയിരിപ്പ് വിശദാംശം ചുവടെ ചേർക്കുന്നു

ഇനം	31.03.21ലെ നീക്കിയിരിപ്പ് തുക
Panchayat Fund - General Fund	42,84,079
Excess Of Income Over Expenditure	(1,00,03,008)
Total	(57,18,929)

31.03.22-ലെ Income And Expenditure Account പ്രകാരം Net Surplus/Deficit കണക്കാക്കിയതിന്റെ വിവരങ്ങൾ ചുവടെ

ചേർക്കുന്നു

പഞ്ചായത്തിന്റെ ആകെ വരുമാനം (A)		14,24,29,517
ആകെ ചെലവ് (B)		14,50,27,774
C= A-B		-25,98,257
Prior Period Income	1275	
Prior Period Expenditure	0	
Net Difference Between Prior Period Income And Expenses (D)		1275
Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള തുക (E) =C+D Net Surplus/Deficit		-25,99,532*

*21-22 വർഷത്തെ I&E അക്കൗണ്ട് പ്രകാരം യഥാർത്ഥത്തിൽ Net Surplus/Deficit തുക വരേണ്ടത് – 25,96982 രൂപയാണ്.

31.03.21-ലെ ബാലൻസ് ഷീറ്റ് B-1പ്രകാരമുള്ള ധനകമ്മി തുകയായ 57,18,929 കൂടി 21-22 വർഷത്തെ Income And Expenditure Account പ്രകാരമുള്ള Defecit തുകയായ 25,96,982 ചേർത്ത് കിട്ടുന്ന കമ്മിതുകയായ 83,15,911 രൂപയാണ് 31.03.22 ലെ B-1 പ്രകാരമുള്ള നീക്കിയിരിപ്പ് വരേണ്ടത്.

യഥാർത്ഥത്തിൽ 31.03.22-ൽ B-1 ഷെഡ്യൂൾ പ്രകാരം പഞ്ചായത്ത് ഫണ്ട് വരേണ്ട തുകയും അക്കൗണ്ട്സിൽ വന്നിട്ടുള്ള തുകയും ചുവടെ ചേർക്കുന്നു

ഇനം	യഥാർത്ഥത്തിൽ 31.03.22-ൽ വരേണ്ട നീക്കിയിരിപ്പ് തുക	31.03.22 അക്കൗണ്ട്സ് പ്രകാരമുള്ള നീക്കിയിരിപ്പ് തുക
Panchayat Fund - General Fund	42,84,079	42,84,079
Excess Of Income Over Expenditure	(1,25,99,990)	40,37,225
Total	(83,15,911)	83,21,304

മേൽ പറഞ്ഞതു പ്രകാരം 31.03.21 വരെ (57,18,929) രൂപ കമ്മിയായിരുന്ന പഞ്ചായത്ത് ഫണ്ട് നീക്കിയിരിപ്പ് തുക 31.03.22 ൽ 83,21,304 രൂപ മിച്ചമായി മാറിയതെങ്ങനെയെന്ന് വിശദമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/9.01.23) മറുപടി ലഭ്യമാക്കിയില്ല.

1-10-20 ബാങ്കിൽ നിക്ഷേപിച്ച തുകകൾ കാഷ് ചെയ്യാത്തത് 10,025 രൂപ

SBI-LIFE ബാങ്ക് അക്കൗണ്ടിന്റെ (A/c No. 38061084138) മാർച്ച് 2022-ലെ റീകൺസീലിയേഷൻ പത്രിക പ്രകാരം -10025 രൂപ "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത തുകകളാണ് ഉൾപ്പെട്ടിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

1-10-21 Capital Work In Progress-ജേണൽ വൗച്ചർ ഹാജരാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ രേഖകൾ പ്രകാരം 31/3/22 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2022 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 2596156 രൂപയാണ്. ഇതിൽ പദ്ധതി നം. 169, അങ്കണവാടി നം.50 ൽ കിണർ നിർമ്മാണത്തിനു വേണ്ടി നൽകിയ പാർട്ട് ബിൽ തുകയായ 57000 രൂപ മാത്രമാണ് 31/3/2022 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11(b) പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിട്ടുള്ളത്.

1-10-22 ഗ്രാന്റ് വിനിയോഗിച്ചുള്ള ആസ്തികൾ-തത്തുല്യമായ തുക " Capital Contribution"ശീർഷകത്തിലേക്ക് മാറ്റിയില്ല

31/3/2021 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് (53397379 രൂപ) 31/3/2022-ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള

പ്രത്യകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

1-10-23 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 176778 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -2521913രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-10-24 ഇൻവെസ്റ്റ്മെന്റുകൾ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 5000 രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-11 പഞ്ചായത്ത് ലൈബ്രറി- രസീതു ബുക്കുകളും കളക്ഷൻ രജിസ്റ്ററുകളും പരിശോധനക്കായി ഹാജരാക്കിയില്ല

2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് ലൈബ്രറിയിൽ നിന്നുള്ള വരുമാനം, ആയത് വാർഷിക കണക്കിൽ ഏത് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്, 21-10-21 മുതൽ നാളിതുവരെയുള്ള രസീത് ബുക്കുകൾ, ആയതിന്റെ കളക്ഷൻ രജിസ്റ്ററുകൾ എന്നിവ പരിശോധനക്കായി ഓഡിറ്റിന് ഹാജരാക്കിയില്ല. ആയതുമായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/16.01.2023) മറുപടി ലഭ്യമാക്കിയില്ല. ടി രസീതു ബുക്കുകളും ആയതിന്റെ കളക്ഷൻ രജിസ്റ്ററുകളും തുകകൾ പഞ്ചായത്തിൽ അടവാക്കിയതിന്റെ രേഖകളും പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

1-12 റേഷൻ റീട്ടെയിൽ ഡിപ്പോകൾക്ക് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ (പട്ടിക 1, ക്രമ നം. 149) ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ- പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ, KSA TSR(P9)1599/2021 തീയതി 24.05.2022 നമ്പർ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-14-2 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ താഴെ കൊടുത്തിരിക്കും പ്രകാരം 10 റേഷൻകടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്നും ആയതിനാൽ ലൈസൻസ് ഫീസിനത്തിലും തൊഴിൽ നികുതിയിനത്തിലും വരുമാന നഷ്ടം സംഭവിക്കുന്നുവെന്നും പഞ്ചായത്ത് പരിധിയിലെ റേഷൻ കടകളിൽ നിന്നും ആയത് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്.

ക്രമ നം	ARD No.	കെട്ടിട നം.	ഉടമയുടെ പേര്
1	1844231	-	അജന്ത ബാബു
2	1844243	VII/278	എൻ.ആർ. രാജൻ
3	1844069	III/ 279	ജൂബിൻ തോമസ്
4	1844073	-	സന്ധ്യ ശ്രീകുമാർ
5	1844071	-	ബിന്ദ കെ.ജെ.
6	1844068	XII/ 145	ഷീല പ്രകാശൻ
7	1844067	XV/170	എം.എസ്.സുബിൻ

8	1844213	XIV/167	ടി.എസ്. താമി
9	1844070	-	ടി.എ.ഗോപി
10	1844072	I/81	എം.ടി.വിൻസെന്റ്

പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ ലൈസൻസ്, തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ പ്രകാരം റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസോ തൊഴിൽ നികുതിയോ ഈടാക്കിയിട്ടില്ല. ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/11.01.2023) ഹൈക്കോടതിയിൽ കേസ് നില നിൽക്കുന്നതിനാലും ആയതിന്റെ വിധി വരാത്തതിനാലുമാണ് ലൈസൻസ് എടുക്കാത്തതെന്നും തൊഴിൽ നികുതി അടവാക്കാത്തതെന്നും റേഷൻ കടയുടമകൾ അറിയിച്ചതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ആയതിന് ആധികാരികമായ രേഖകൾ ഹാജരാക്കിയിട്ടില്ല. മാത്രമല്ല, സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019-ലെ (സി.എസ്) എ 9-764/2019 കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്,തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലെന്ന് അറിയിച്ചിട്ടുള്ളതാണ്. ആയതിനാൽ മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ്,തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 ലേലം-ഫയലുകൾ പരിശോധനക്കായി ലഭ്യമാക്കിയില്ല

2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളിലെ റസീറ്റ് & പേമെന്റ് ഷെഡ്യൂൾ RP-5, Sale& Hire ഹെഡിനത്തിലായി താഴെ കൊടുത്തിരിക്കും പ്രകാരമുള്ള തുകകൾ വരവുള്ളതാണ്.

ക്രമ നം.	ഹെഡ് കോഡ്	ഇനം	തുക
1	150120102	Sale Of Scrap/empties And Waste Materials	60,733/-
2	150120103	Auction Of Obsolete Assets	53,050/-

മേൽ പട്ടികപ്രകാരമുള്ള തുകകൾ വരവ് വന്നതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധനക്കായി ഹാജരാക്കിയില്ല. ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/11.01.2023) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പട്ടികയിൽ പരാമർശിച്ചിട്ടുള്ള വരവിനങ്ങളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല. ടി ഫയലുകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

1-14 കെട്ടിടങ്ങൾ വാടകക്ക് നൽകുന്നത് സംബന്ധിച്ച ബൈലോ കാലികമാക്കേണ്ടതാണ്.

1. ജി.ഒ.(എം.എസ്)105/97/തദ്ദേശഭരണവകുപ്പ് സർക്കാർ ഉത്തരവ് പ്രകാരം വാടകയ്ക്ക് കടമുറികൾ ഉള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഉള്ള കടമുറി വാടക സംബന്ധിച്ച ബൈലോ ഹാജരാക്കിയിട്ടുള്ളതാണ്. എന്നാൽ പഞ്ചായത്ത് ഡയറക്ടർ 15.6.1992 ൽ അംഗീകരിച്ച (ഉത്തരവ് നം. ബി5-18681/92/കെ.ഡിസ്.) ബൈലോ ആണ് പഞ്ചായത്തിലുള്ളത്. ആയത് പുതുക്കി കാലികമാക്കേണ്ടതാണെന്ന് 2020-21 സാമ്പത്തിക വർഷത്തെ 24.05.2022 ലെ കെ.എസ്.എ.ടി.എസ്.ആർ(പി 9)1599/2021 നമ്പർ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-16-1 ൽ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. ബൈലോ കാലികമാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(16/11.01.2023), ബൈലോ പുതുക്കുന്നതിനുള്ള നടപടികൾ ഉടനെ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 1960 കേരള പഞ്ചായത്ത് രാജ് ആക്ട് കലഹരണപ്പെട്ട് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്ന സാഹചര്യത്തിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256 വകുപ്പ്, 1995-ലെ കേരള പഞ്ചായത്ത് രാജ് ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം ചട്ടങ്ങളിലെ ചട്ടം 3 (5,6,7) പ്രകാരം ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം നേടേണ്ടതാണ്.
2. മുല്ലശ്ശേരി പഞ്ചായത്തിന് കമ്മ്യൂണിറ്റി ഹാൾ പെരുവെല്ലൂർ, കമ്മ്യൂണിറ്റി ഹാൾ മുല്ലശ്ശേരി എന്നിങ്ങനെ രണ്ട് കമ്മ്യൂണിറ്റി ഹാളുകളാണ് നിലവിലുള്ളത്. ഹാൾ & ഓഡിറ്റോറിയം വാടക സംബന്ധിച്ച സർക്കാർ അംഗീകൃത ബൈലോ നിലവില്ല. ആയത് തയ്യാറാക്കി അംഗീകാരം ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 16/11.01.2023)

1-15 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ച് കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ്(കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204). ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ

അംഗീകൃത കരാറുകാരിൽ നിന്നും പരമാവധി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തികവർഷത്തെ തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ത.സ്വ.ഭ.വ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	കരാറുകാരന്റെ പേര്	ഈടാക്കേണ്ട തൊഴിൽ നികുതി
1.	ഫിറോസ് പി എം	2500
2.	ശശികുമാർ എൻ. എൻ	2500
3.	ചന്ദ്രൻ പി. കെ	2500
4.	പ്രതീഷ് കെ. കെ	2500
5.	രവീന്ദ്രൻ സി. എസ്	1250
6.	ജോഷി സി. എ	2500
7.	രതീഷ് പി. ബി	2500
8.	അജിതൻ	2500
ആകെ		18750

മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും തുക ഈടാക്കുകയോ അഥവാ അവർ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുകയോ ചെയ്യേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക്(13/11.01.2023), ഫിറോസ് പി എം, പ്രതീഷ് കെ കെ, രവീന്ദ്രൻ സി. എസ് എന്നിവർ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിലും ചന്ദ്രൻ പി. കെ, എളവള്ളി ഗ്രാമപഞ്ചായത്തിലും 2500/- രൂപ വാർഷിക തൊഴിൽ നികുതി അടവാക്കിയതിന്റെ രേഖകളും മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ കരാറുകാരനായ ശ്രീ അജിതൻ 31.03.2022 ലെ 1210203400, 1210203401 എന്നീ രസീതുകൾ പ്രകാരം 600 രൂപ അടവാക്കിയതിന്റെ രേഖകളും ഹാജരാക്കിയിട്ടുണ്ട്. ശശികുമാർ എൻ. എൻ, ജോഷി സി. എ, രതീഷ് പി. ബി എന്നീ കരാറുകാരിൽ നിന്ന് 2500 രൂപ വീതവും അജിതൻ എന്ന കരാറുകാരനിൽ നിന്നും 1900 രൂപയും (2500-600) ഉൾപ്പെടെ 9400/- രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരം, പഞ്ചായത്ത് പ്രദേശത്ത്, അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനങ്ങൾ, തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിയിട്ടില്ല.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	അർദ്ധവർഷം
1	സൗത്ത് ഇന്ത്യൻ ബാങ്ക്, മുല്ലശ്ശേരി ബ്രാഞ്ച്	II
2	മുല്ലശ്ശേരി സർവീസ് സഹകരണ സൊസൈറ്റി	I&II
3	അന്നക്കര സർവീസ് സഹകരണ സൊസൈറ്റി	I&II
4	BEVCO-KSBC, മുല്ലശ്ശേരി	I&II
5	സെഞ്ച്വറി ഫിനാൻസ്, പെരുവല്ലൂർ	I&II
6	ശ്രീഭദ്ര ഫൈനാൻസ്, പെരുവല്ലൂർ	I&II
7	ശ്രീദുർഗ്ഗ കുറീസ് & ലോൺസ്, പെരുവല്ലൂർ	I&II
8	സ്കോട്ട് പൈപ്പ്സ്	I&II
9	ഗുരുവായൂർ കോപ്പറേറ്റീവ് അർബൻ ബാങ്ക്	I

പ്രസ്തുത സ്ഥാപനങ്ങൾ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/11.01.2023), മേൽപട്ടികയിലെ ക്രമ നമ്പർ 1,4,5,9 എന്നീ സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. ശ്രീഭദ്ര ഫൈനാൻസ്, പെരുവല്ലൂർ എന്ന സ്ഥാപനം 2020-21, 2021-22 എന്നീ വർഷങ്ങളിൽ പ്രവർത്തിച്ചിരുന്നില്ലെന്നും ബാക്കി സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

09.07.2015-ലെ സ.ഉ(എം.എസ്) 231/15/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതിനും വസ്തു നികുതി ഈടാക്കുന്നതിനും പുനർ നിർണ്ണയിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകി ഉത്തരവായിട്ടുള്ളതാണ്. ആയതുപ്രകാരം പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ, അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കുമ്പോഴും 1975-ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ച രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ്.

2021-22 സാമ്പത്തിക വർഷത്തിൽ കെട്ടിട നമ്പറുകൾ നൽകി നികുതി നിർണ്ണയിച്ച നൽകിയ ഫയലുകൾ പരിശോധിച്ചതിൽ മേൽ ഉത്തരവുപ്രകാരമുള്ള നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	കെട്ടിട നമ്പർ	പേര്	വിസ്തീർണ്ണം	ഫയൽ നമ്പർ
1	10/368 A, B	രമേഷ് പയ്യാക്കൽ	84.49	SC2-1726/21
2	9/413 D	ബിജോയ് ചിറ്റിലപ്പിള്ളി	133.11	A3-3911/21
3	2/384 A, B	ശ്രീകൃഷ്ണൻ വല്ലാശ്ശേരി	106.53	SC2-1243/2021

മേൽ പട്ടികയിൽ പരാമർശിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക്, 1975 ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ച രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/13.01.2023) മറുപടി ലഭ്യമാക്കിയില്ല. കെട്ടിടങ്ങൾക്ക് നമ്പർ നൽകി വസ്തു നികുതി ഈടാക്കുമ്പോഴും വസ്തു നികുതി പുനർ നിർണ്ണയിക്കുമ്പോഴും ആയതുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1-18 വസ്തുനികുതി ഈടാക്കിയതിലെ അപാകതകൾ

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം, ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4 (1) ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2) ആം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്നപക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്'' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതുപ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികളായി തിരിച്ചതിന് 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ വിവിധ കെട്ടിടങ്ങൾക്ക് താഴെ പറയുന്ന നിരക്കിലാണ് നികുതി കണക്കാക്കേണ്ടത്.

ക്രമ നം.	ഇനം	നിരക്ക് / ച.മീ
1	വാണിജ്യാവശ്യത്തിനുള്ള 100 M2 വരെയുള്ള കെട്ടിടം.	50
2	വാണിജ്യാവശ്യത്തിനുള്ള 100 M2 ന മുകളിലുള്ള കെട്ടിടം.	60

1. ശ്രീ. വിൻസെന്റ്, ശ്രീമതി റോസി, ശ്രീ. ജോയ്സൺ ഫ്രാൻസിസ് എന്നിവരുടെ ഉടമസ്ഥതയിലുള്ള 15/168 A, B, C, D,

E, F, G എന്നീ നമ്പർ റൂമുകൾ ഉൾപ്പെട്ട കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 278.34 ചതുരശ്ര മീറ്ററാണ്. ആയത് പ്രകാരം പ്രസ്തുത കെട്ടിടത്തെ 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടമായി കണക്കാക്കി വസ്തുനികുതി നിശ്ചയിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത കെട്ടിടത്തെ താഴെ കൊടുത്തിരിക്കും പ്രകാരം 7 മുറികളായി തിരിച്ച് അവയെ 100 ച.മീ വരെ തറ വിസ്തീർണം ഉള്ള കെട്ടിടമായി പരിഗണിച്ചാണ് വസ്തുനികുതി നിശ്ചയിച്ചിരിക്കുന്നത്.

ഉമസ്ഥന്റെ വിലാസം	കെട്ടിട നമ്പർ	പ്ലിന്ത് ഏരിയ (ച.മീ)	നിർണ്ണയിച്ച നികുതി (₹/M2)	നിർണ്ണയിക്കേണ്ട നികുതി
ശ്രീ വിൻസെന്റ്, ശ്രീമതി റോസി, ശ്രീ ജോയ്സൺ ഫ്രാൻസിസ്	15/168 A	40.613	50	60
	15/168 B	71.332		
	15/168 C	24.772		
	15/168 D	24.293		
	15/168 E	24.772		
	15/168 F	43.492		
	15/168 G	24.53		

2. ശ്രീ അജിതൻ, പണ്ടാരിക്കൽ, പെരുവല്ലൂർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 4/213 C,D,E,F,G,H,I എന്നീ നമ്പർ റൂമുകൾ ഉൾപ്പെട്ട കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 300.54 ചതുരശ്ര മീറ്ററാണ്. ആയത് പ്രകാരം പ്രസ്തുത കെട്ടിടത്തെ 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടമായി കണക്കാക്കി വസ്തുനികുതി നിശ്ചയിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത കെട്ടിടത്തിലെ 4/213 D (125.55 ച.മീ തറവിസ്തീർണ്ണം) നമ്പറുള്ള കെട്ടിടമുറി മാത്രമാണ് ഇത്തരത്തിൽ നികുതി നിർണ്ണയിച്ചിട്ടുള്ളത്. ടി കെട്ടിടത്തെ 7 മുറികളായി തിരിച്ച് താഴെ കൊടുത്തിരിക്കും പ്രകാരമാണ് വസ്തുനികുതി നിശ്ചയിച്ചിരിക്കുന്നത്.

ഉമസ്ഥന്റെ വിലാസം	കെട്ടിട നമ്പർ	പ്ലിന്ത് ഏരിയ (ച.മീ)	നിർണ്ണയിച്ച നികുതി (₹/M2)	നിർണ്ണയിക്കേണ്ട നികുതി
ശ്രീ അജിതൻ, പണ്ടാരിക്കൽ, പെരുവല്ലൂർ	4/213 C	22.68	50	60
	4/213 D	125.55	60	
	4/213 E	32.09	50	
	4/213 F	30.11	50	
	4/213 G	29.10	50	
	4/213 H	28.73	50	
	4/213 I	32.28	50	

3. ശ്രീ. ജോസ്, സിജു ജോസ് സി എന്നിവരുടെ ഉടമസ്ഥതയിലുള്ള 12/389 A,B,C,D,E,F,G,H,I,J എന്നീ നമ്പർ റൂമുകൾ ഉൾപ്പെട്ട കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 299.839ചതുരശ്ര മീറ്ററാണ്. ഇതിൽ 12/389 J നമ്പർ കെട്ടിടമുറി ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടമാണ്. ബാക്കി ഭാഗം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടമായി കണക്കാക്കി വസ്തുനികുതി നിശ്ചയിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത കെട്ടിടത്തെ താഴെ കൊടുത്തിരിക്കും പ്രകാരം 9 മുറികളായി തിരിച്ച് അവയെ 100 ച.മീ വരെ തറ വിസ്തീർണം ഉള്ള കെട്ടിടമായി പരിഗണിച്ചാണ് വസ്തുനികുതി നിശ്ചയിച്ചിരിക്കുന്നത്.

ഉമസ്ഥന്റെ	കെട്ടിട	പ്ലിന്ത്	നിർണ്ണയിച്ച	നിർണ്ണയിക്കേണ്ട

വിലാസം	നമ്പർ	ഏരിയ (ച.മീ)	നികുതി (₹/M2)	നികുതി
ശ്രീ. ജോസ്, സിജ്ജ ജോസ് സി	12/389 A	29.31	50	60
	12/389 B	29.31		
	12/389 C	29.31		
	12/389 D	29.31		
	12/389 E	29.31		
	12/389 F	29.31		
	12/389 G	29.31		
	12/389 H	29.31		
	12/389 I	29.31		

മേൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകതകൾക്ക വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (27/13.01.2023, 31/16.01.2023) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതിയുമായി ബന്ധപ്പെട്ട് സഞ്ചയയിൽ മാറ്റം വരുത്തി വസ്തുനികുതി പുനർനിർണ്ണയിച്ച് തുക കുടിശ്ശിക സഹിതം ഈടാക്കി വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്. കൂടാതെ വസ്തുനികുതി നിർണ്ണയത്തിൽ വരുത്തുന്ന അപാകതകൾ തനതുവരുമാനത്തെ ബാധിക്കുമെന്നതിനാൽ ഭാവിയിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധവെച്ചു പുലർത്തേണ്ടതാണ്.

1-19 റഗുലറൈസേഷനായി നൽകിയ അപേക്ഷളിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല

ഫയൽ നമ്പർ – എസ്.സി 2 –387/2022

സനോജ് ടി എസ്, തറയിൽ, മുല്ലശ്ശേരി

റഗുലറൈസേഷനായി നൽകിയ 170.43 M^2 റസിഡൻഷ്യൽ കെട്ടിടത്തിന്റെ അപേക്ഷയിൽ ന്യൂനതകൾ ഉള്ളതിനാൽ മേൽ നമ്പറിൽ 12.05.2022 തീയതിയിലെ കത്ത് പ്രകാരം ഉടമക്ക് കത്ത് നൽകി. അപാകത പരിഹരിച്ച് സങ്കേതം സോഫ്റ്റ് വെയർ മുഖേന ഫയൽ പുതിയതായി സമർപ്പിക്കുവാൻ ഉടമക്ക് അറിയിപ്പ് നൽകിയിട്ടുള്ളതാണ്.

പണി പൂർത്തീകരിച്ച പ്രസ്തുത കെട്ടിടം ക്രമവൽക്കരിക്കുവാൻ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.(34/16.01.2023)

പണി പൂർത്തീകരിച്ച പ്രസ്തുത കെട്ടിടങ്ങൾ ക്രമവൽക്കരിക്കാത്ത പക്ഷം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 AA വകുപ്പ് പ്രകാരം തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ പെയ്ൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായ് വാഹനം വാടകയ്ക്കെടുത്തു

പദ്ധതി നമ്പർ- 83/21-22

പാലിയേറ്റീവ് കെയർ

A)പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഹോംകെയറിനായി വാഹനം വാടകയ്ക്ക് എടുത്തിട്ടുണ്ട്. വാഹനം വാടകയ്ക്ക് എടുക്കുന്നതിന് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

B) ടി പദ്ധതിയിൽ മരുന്ന് വാങ്ങുന്നതിനായി KMSCL ന 409790 രൂപ (വൗച്ചർ നം.22100858/25.11.21) നൽകിയിട്ടുണ്ട്. മരുന്ന് ലഭ്യമാക്കിയതിന്റെ ഒറിജിനൽ ടാക്സ് ഇൻവോയ്സ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (എൻക്വയറി നമ്പർ-30/13.01.23) നൽകിയതിന് മറുപടി

ലഭ്യമാക്കിയില്ല

1-21 സാമൂഹ്യ സുരക്ഷ പെൻഷൻ-മരണപ്പെട്ട ഗുണഭോക്താക്കളെ പെൻഷൻ ഡാറ്റാബേസിൽ നിന്നും യഥാസമയം നീക്കം ചെയ്യേണ്ടതാണ്

ഓഡിറ്റ് പരിശോധനയ്ക്കായി ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ മരണപ്പെട്ടവരുടെ റിപ്പോർട്ട് വിശദാംശങ്ങൾ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ അക്കൗണ്ടിലേക്ക് തുക നൽകിയിരിക്കുന്നതായും, മരണശേഷവും അക്കൗണ്ടുകൾ ആക്ടീവായി തുടരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മരണ ശേഷവും അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്യാതെ ആക്ടീവ് ആയി തുടരുന്നതിനും, മരണശേഷവും മരണപ്പെട്ടവരുടെ അക്കൗണ്ടുകളിലേക്ക് പെൻഷൻ തുക അനുവദിച്ചതിനും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.19/12.01.2023) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മരണ ശേഷവും ആക്ടീവായി തുടരുന്ന അക്കൗണ്ടുകൾ കണ്ടെത്തി സസ്പെൻഡ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ മരണശേഷവും തുക അധികമായി അനുവദിച്ചവരിൽ നിന്നും തിരികെ ഈടാക്കി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ വിവരം അറിയിക്കേണ്ടതാണ്.

മരണപ്പെട്ടവരെയും അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി നീക്കം ചെയ്യുന്നതിന് 02.08.2021-ലെ സർക്കുലർ നം.63/2021/ധന. പ്രകാരം നിർദ്ദേശങ്ങൾ പരിഷ്കരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10 ആം തീയതിക്ക് മുൻപ് അറിയിക്കേണ്ടതും, ആയത് പരിശോധിച്ച് അനർഹരായവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസക്കാരായതും എന്നാൽ മറ്റു പ്രാദേശിക സർക്കാരിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളവരുമായ വ്യക്തികളുടെ വിവരം മരണം രജിസ്റ്റർ ചെയ്യപ്പെട്ട പ്രാദേശിക സർക്കാർ അറിയിച്ചിട്ടുണ്ടോ എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.19/12.01.2023) മറുപടി ലഭ്യമാക്കിയില്ല. ഇപ്രകാരം മറ്റു പ്രാദേശിക സർക്കാരിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള വ്യക്തികളുടെ വിവരം മരണം രജിസ്റ്റർ ചെയ്യപ്പെട്ട പ്രാദേശിക സർക്കാർ അറിയിക്കാത്തതിനാൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് മരണശേഷവും പെൻഷൻ കൈമാറ്റം നടന്നിട്ടുണ്ടാകാൻ സാധ്യതയുണ്ട്. ആയതിനാൽ ഇത്തരത്തിൽ മറ്റുപ്രാദേശിക സർക്കാർ പരിധിയിൽ സ്ഥിരതാമസക്കാരായതും എന്നാൽ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ടവരുമായ ഗുണഭോക്താക്കളുടെ വിവരം അടിയന്തിരമായി അതത് പ്രാദേശിക സർക്കാരുകളെ അറിയിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ഭാവിയിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതെ നോക്കേണ്ടതുമാണ്.

1-22 സ്റ്റോർ പർച്ചേസ് മാന്വൽ- നിബന്ധന പാലിക്കാതെ വാങ്ങൽ

പദ്ധതി നമ്പർ -84/22

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ – സാധന സാമഗ്രികൾ വാങ്ങലും അനുബന്ധ പ്രവർത്തനങ്ങളും

ചെലവ്- വികസനഫണ്ട് - 299324

തനതുഫണ്ട് - 164605

ജില്ലാ പഞ്ചായത്ത് വിഹിതം - 250000

മേൽ പദ്ധതിയിൽ വികസനഫണ്ടിൽ നിന്നും ലഭ്യമായ 299324 (വൗച്ചർ നമ്പർ-22100606/26.07.21) രൂപയിൽ നിന്നും ലാപ്പ് ടോപ്പ് വാങ്ങുന്നതിനായി 49750 രൂപ ചെലവഴിച്ചിട്ടുണ്ട്. Cat Hub Computers എന്ന സ്ഥാപനത്തിൽ (ടാക്സ് ഇൻവോയ്സ് നമ്പർ – CHC/2122/0124. Dated 24.06.21) നിന്നാണ് ലാപ്പ് ടോപ്പും, ക്യാരി കെയ്സും വാങ്ങിയിട്ടുള്ളത്. ലാപ്പ് ടോപ്പ് വാങ്ങലുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

A) സ.ഉ(പി) നം.10/2019/എസ്.പി.ഡി, തിയതി 22.08.2019 പ്രകാരം സർക്കാർ വകുപ്പുകളും പൊതുമേഖല സ്ഥാപനങ്ങളും മറ്റുസ്ഥാപനങ്ങളും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ മുഖേന വാങ്ങേണ്ടതാണെന്ന നിബന്ധന ഉൾപ്പെടുത്തി സ്റ്റോർ പർച്ചേസ് മാന്വലിൽ ഖണ്ഡിക 7.52 കൂട്ടിച്ചേർത്തിട്ടുണ്ട്. എന്നാൽ CPRCS പോർട്ടലിൽ നിന്നല്ല പദ്ധതിയ്ക്കായി ലാപ്പ്ടോപ്പ് വാങ്ങിയത്.

B) Cat Hub Computers എന്ന സ്ഥാപനത്തിൽ നിന്ന് ലാപ്പ് ടോപ്പ് വാങ്ങുന്നതിന് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതിന്റെ രേഖകളും ഫയലിലുണ്ടായിരുന്നില്ല.

C) ലാപ്പ് ടോപ്പ് സ്റ്റോക്കിലെടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 30/13.01.23) മറുപടി ലഭ്യമാക്കിയില്ല. നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സാധന സാമഗ്രികൾ വാങ്ങൽ നടത്തുന്നുവെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്.

1-23 ചെലവ് രേഖകൾ ഹാജരാക്കിയില്ല,272550 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ സി.എച്ച്.സി
1) പദ്ധതി നമ്പർ-197/21-22

ജിവിതശൈലി രോഗങ്ങൾക്ക് മരുന്നു വാങ്ങൽ പദ്ധതി

വൗച്ചർ നമ്പർ- 22100857/24.11.21, തുക- 250000 രൂപ

ജിവിതശൈലീരോഗങ്ങൾക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പദ്ധതിയ്ക്കായി ഓഡിറ്റ് വർഷം സുലേഖ ചെലവ് പത്രിക പ്രകാരം വികസനഫണ്ട് പൊതുവിഭാഗം ഫണ്ടിൽ നിന്നും 250000 രൂപ ചെലവുണ്ട്. മരുന്നു വാങ്ങിയതിന്റെ രേഖകൾ പരിശോധനയ്ക്കു ഹാജരാക്കിയില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 30/13.01.23) മറുപടി ലഭ്യമാക്കുകയോ, രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകൾ ഹാജരാക്കാതിരുന്നതിനാൽ 250000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2) പദ്ധതി നമ്പർ – 84/2122

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ – സാധന സാമഗ്രികൾ വാങ്ങലും അനുബന്ധ പ്രവർത്തനങ്ങളും
ചെലവ്- വികസനഫണ്ട് - 299234 രൂപ
ജില്ലാ പഞ്ചായത്ത് വിഹിതം - 250000 രൂപ
തനതുഫണ്ട് - 164605 രൂപ

ടി പദ്ധതിയ്ക്കായി സുലേഖ ചെലവ് പത്രിക പ്രകാരം തനതു ഫണ്ടിൽ നിന്നും 164605 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ 22550 രൂപയുടെ ചെലവു (വൗച്ചർ നമ്പർ-22100293/2.12.21) രേഖകൾ ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 22550 രൂപയുടെ ചെലവു ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-24 മരുന്ന് ലഭ്യമാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥ – മെഡിക്കൽ ഓഫീസർ, ഹോമിയോ

പദ്ധതി നമ്പർ - 75/21-22

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ

വൗച്ചർ നമ്പർ - 22100801/14.09.21, തുക –250000 രൂപ

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങുന്നതിനായി പ്രൊഫോർമ ഇൻവോയ്സ് PF-278/14.07.21 പ്രകാരം 250000 രൂപ ഹോംകോയ്ക്കു നൽകിയിട്ടുണ്ട്. 177009 രൂപയ്ക്കുള്ള മരുന്നു ലഭ്യമാക്കിയതിന്റെ ടാക്സ് ഇൻവോയ്സ്(LF-2830/25.03.22, തുക-104916, LF-437/27.07.22, തുക-72093) മാത്രമാണ് ഫയലിലുള്ളത്. ബാക്കി 72991 തുകയ്ക്ക് മരുന്നു ലഭ്യമാക്കിയതിന്റെ ടാക്സ് ഇൻവോയ്സ്, മരുന്ന് സ്റ്റോക്കിലെടുത്ത സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (എൻക്വയറി നമ്പർ 21/12.01.23) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. മരുന്ന് ലഭ്യമാക്കിയതിന്റെ ടാക്സ് ഇൻവോയ്സ്,മരുന്ന് സ്റ്റോക്കിലെടുത്ത സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-25 ഗ്രാമ പഞ്ചായത്തിന്റെ വികസനപദ്ധതികൾ - വിവരങ്ങൾ ലഭ്യമാക്കിയില്ല

പഞ്ചായത്ത് വാർഷിക പദ്ധതികൾക്കും പഞ്ചവത്സര പദ്ധതികൾക്കും പുറമേ ഇൻഫ്രാസ്ട്രക്ചർ വികസനത്തിന് വേണ്ടി, സ്പെഷ്യൽ പ്ലാനിംഗിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടും വിഭവസമ്പത്തും തുടർന്നുള്ള വികസനത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ടും, പതിനഞ്ചു വർഷക്കാലത്തേക്ക് ദീർഘവീക്ഷണത്തോടു കൂടിയ ഒരു പദ്ധതി തയ്യാറാക്കേണ്ടതും അപ്രകാരമുള്ള പദ്ധതി ബന്ധപ്പെട്ട ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് അയച്ചുകൊടുക്കേണ്ടതാണെന്നും 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 175 (4)-ാം വകുപ്പ് നിഷ്കർഷിക്കുന്നുണ്ട്. ഓഡിറ്റ് കാലയളവിൽ, മുല്ലശ്ശേരി ഗ്രാമ പഞ്ചായത്ത് ഈ വ്യവസ്ഥപ്പെടുത്തൽ പ്രകാരം സ്വീകരിച്ച നടപടികൾ അടങ്ങിയ ഫയലും, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 175(6)-ാം വകുപ്പ്, ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ വികസന പദ്ധതികളുടെ പകർപ്പ് അതിന്റെ പ്രദേശം ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തിന് അയച്ചുകൊടുക്കുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം വികസന പദ്ധതികളുടെ പകർപ്പ് ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാക്കിയത് സംബന്ധിച്ച വിവരം അടങ്ങിയ ഫയലും

പരിശോധനക്കായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് എൻക്വയറി നൽകിയിരുന്നുവെങ്കിലും (ഓഡിറ്റ് എൻക്വയറി - 2/5.1.23) രേഖകൾ ഹാജരാക്കുകയോ എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-26 പഞ്ചായത്തിന്റെ ഭരണ റിപ്പോർട്ട് വിവരം ലഭ്യമാക്കിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 192-ാം വകുപ്പ് പ്രകാരം, ഓരോ പഞ്ചായത്തും ഓരോ വർഷവും സർക്കാർ നിർദ്ദേശിക്കുന്ന ഫോറത്തിൽ അപ്രകാരമുള്ള വിശദാംശങ്ങൾ സഹിതം, അതിന്റെ ഭരണത്തെ സംബന്ധിച്ച ഒരു റിപ്പോർട്ട് ഈ വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം തയ്യാറാക്കി തുടർന്നുവരുന്ന വർഷം സെപ്റ്റംബർ മുപ്പതാം തീയതിക്കകം പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത സമയപരിധിക്കുള്ളിൽ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്താത്ത പക്ഷം, അതിനുശേഷം പഞ്ചായത്തിനു നൽകാനുള്ള ഗ്രാന്റുകൾ സർക്കാരിന് തടഞ്ഞു വയ്ക്കാവുന്നതുമാണ്. അതിനാൽ 2021-22 വർഷത്തിൽ മുല്ലശ്ശേരി ഗ്രാമ പഞ്ചായത്ത് അതിന്റെ ഭരണത്തെ സംബന്ധിച്ച ഒരു റിപ്പോർട്ട് ഇപ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം പരിശോധനക്കായി ലഭ്യമാക്കാനും പ്രസിദ്ധപ്പെടുത്തിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കി മറുപടി ലഭ്യമാക്കാനും (ഓഡിറ്റ് എൻക്വയറി - 3/5.1.23) ആവശ്യപ്പെട്ടിരുന്നുവെങ്കിലും വിശദാംശങ്ങൾ ലഭ്യമാക്കുകയോ കാരണം വ്യക്തമാക്കികൊണ്ട് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതും വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-27 പൗരാവകാശരേഖ പുതുക്കി കാലാനുസൃതമാക്കൽ - വിവരം ലഭ്യമാക്കേണ്ടതാണ്

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 272 എ (1) വകുപ്പ് പ്രകാരം ഓരോ പഞ്ചായത്തും പൗരൻമാർക്ക് ലഭ്യമാക്കുന്ന വിവിധ ഇനം സേവനങ്ങളേയും അവയുടെ വ്യവസ്ഥകളേയും അവ ലഭ്യമാക്കുന്ന സമയപരിധിയേയും സംബന്ധിച്ച് പൗരാവകാശരേഖ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. പ്രസ്തുത നിയമത്തിലെ 272 എ (2) വകുപ്പ് പ്രകാരം പൌരാവകാശരേഖ വർഷത്തിൽ ഒരിക്കൽ പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2004 ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം, പഞ്ചായത്ത് ചർച്ച ചെയ്ത് വേണം പൗരാവകാശരേഖ വാർഷികമായി പുതുക്കി കാലാനുസൃതമാക്കാൻ. 2021-22 വർഷത്തിൽ ഇപ്രകാരം പൗരാവകാശരേഖ പുതുക്കി കാലാനുസൃതമാക്കിയിട്ടുണ്ടെങ്കിൽ വിവരം (ഭരണസമിതി തീരുമാനം സഹിതം) ലഭ്യമാക്കാൻ (ഓഡിറ്റ് എൻക്വയറി - 4/5.1.23) ആവശ്യപ്പെട്ടിരുന്നുവെങ്കിലും വിശദാംശങ്ങൾ ലഭ്യമാക്കുകയോ എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതും വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-28 കുടിവെള്ള പദ്ധതികൾ - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതും, ബാലൻസ് തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്

സെക്രട്ടറി നടപ്പിലാക്കിയ താഴെപ്പറയുന്ന കുടിവെള്ളപദ്ധതികൾക്കായി ഭൂജല വകുപ്പിന് തുകകൾ കൈമാറിയിട്ടുണ്ട്. ഇതിൽ പൂർത്തകരിക്കാത്ത പദ്ധതി പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതും പൂർത്തീകരിച്ചിട്ടുള്ള പദ്ധതികളിൽ ബാലൻസ് തുക തിരികെ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പദ്ധതി നം./പേര്	വൗച്ചർ നം./തിയതി	ഡെപ്പോസിറ്റ് തുക	ചെലവഴിച്ച തുക	ബാലൻസ്	റിമാർക്സ്
1	117/22 സി എച്ച് സി ലക്ഷം വീട് കോളനി കുടിവെള്ള പദ്ധതി	22100911/10.2.22	600000	-	-	പദ്ധതി പൂർത്തീകരിച്ചിട്ടില്ല.
2	249/22 ഹനുമാൻകാവ് കുടിവെള്ള പദ്ധതി മെയിന്റനൻസ്	22100952/14.3.22	78000	54404	23596	
3	251/22 കോർളി കുടിവെള്ള	22100954/14.3.22	82000 + 28000	90006	19994	22.11.22-ലെ വിനിയോഗ സാക്ഷ്യപത്രം

	പദ്ധതി നെയിന്റനൻസ്					പ്രകാരം 110000രൂപ ഡെപ്പോസിറ്റ് ചെയ്തതായി കാണിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം 82000 രൂപയാണ് ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. 110000രൂപയുടെ വിവരമാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തുന്നത്
4	248/22 ഊരകം കടിവെള്ളപദ്ധതി (അങ്കണവാടി 40) മെയിന്റനൻസ്	22100953/14.3.22	66000	65386	611	

1-29 പെർഫോർമൻസ് ബേസ്ഡ് ഇൻസന്റീവ് ഗ്രാന്റ് - കൃത്യമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

സ്വച്ഛ് ഭാരത് മിഷൻ - പെർഫോർമൻസ് ബേസ്ഡ് ഇൻസന്റീവ് ഗ്രാന്റ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള തുക വിനിയോഗിക്കുന്നത് സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 21.7.18 ന് 334/ഡി സി 1/ 18/ത.സ്വ.ഭ.വ ആയി തദ്ദേശസ്വയംഭരണ വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിരുന്നു. സർക്കുലറിൽ ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുന്ന തുകകൾ താഴെപ്പറയും പ്രകാരം ഉപയോഗിക്കാം എന്നും പറയുന്നു.

1. ലൈഫ് ഭവന പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ഗാർഹിക കക്കൂസ് നിർമ്മാണം

2.റിട്രോഫിറ്റിംഗ്

3.കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ്

4. സ്കൂൾ ടോയ് ലറ്റ് നിർമ്മാണം

5.അംഗൻവാടി ടോയ് ലറ്റ് നിർമ്മാണം

6.കമ്പോസ്റ്റിംഗ്/ബയോഗ്യാസ് പ്ലാന്റുകൾ

ഗ്രാമപഞ്ചായത്തിന് ലഭ്യമായ തുക സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങളിൽ വ്യക്ത വരുത്തേണ്ടതാണ്

1.ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകകളുടെ വിശദാംശങ്ങൾ

2.ലഭ്യമായ തുകയിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചു. ആയതിൽ ഏതെല്ലാം വർഷങ്ങളിൽ ഏതെല്ലാം പദ്ധതികൾക്കായി എത്ര തുക വീതം ചെലവഴിച്ചു.

3.പെർഫോർമൻസ് ബേസ്ഡ് ഇൻസന്റീവ് ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന മുഴുവൻ പ്രവൃത്തികൾ ഉൾപ്പെടുന്ന പഞ്ചായത്ത് തലകർമ്മ പദ്ധതി തയ്യാറാക്കി ജില്ല ശുചിത്വ സമിതിയുടെ അംഗീകാരം വാങ്ങണം. തുടർന്ന് പ്രോജക്ടുകൾ പഞ്ചായത്ത് പദ്ധതിയുടെ ഭാഗമാക്കി ജില്ലാ ആസൂത്രണ സമിതി അംഗീകാരം ലഭ്യമാക്കുകയും യഥാവിധി സാങ്കേതികാനുമതികളും വാങ്ങിയാണ് നിർവ്വഹണം നടത്തേണ്ടതെന്ന് മേൽ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. കർമ്മ പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ

4.ചെലവഴിച്ചതുക സംബന്ധിച്ച ധനവിനിയോഗസാക്ഷ്യപത്രം ജില്ലാ ശുചിത്വമിഷൻ സമിതിയ്ക്ക് സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ

മേൽ വിഷയങ്ങളിൽ വിശദമായ മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് എൻക്വയറി (6/6.1.23) നൽകിയിരുന്നുവെങ്കിലും കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതാണ്. കൃത്യമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതും

ചെലവഴിക്കാൻ ബാക്കി തുക നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-30 വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം, രശീതി എന്നിവ ലഭ്യമാക്കിയിട്ടില്ല

2021-22 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. കൈമാറിയ തുകയുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം, രശീതി എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പദ്ധതി നം. /പദ്ധതിയുടെ വിവരം	തുക കൈമാറിയ സ്ഥാപനം	ബിൽ നം./ വൗച്ചർ നം./തിയതി	തുക	റിമാർക്ക്സ്
1	28/22 ക്യാൻ തൃശ്ശൂർ	ജില്ലാ പഞ്ചായത്ത്	22100887/11.1.22	20000	-
2	218/22 അന്നകര ചിറയ്ക്കൽ പാടശേഖരത്തിലേക്ക് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ	കെ.എസ്.ഇ.ബി	22100572/29.1.22 22100902/29.1.22	593713 50000	കെ.എസ്.ഇ.ബി യുമായി കരാറിലേർപ്പെട്ടിട്ടില്ല. എസ്റ്റിമേറ്റ് ലഭ്യമല്ല
3	1/22 ഐ.കെ.എം വിഹിതം നൽകൽ	ഐ.കെ.എം	22100601/9.7.21	51800	-
4	2/22 എസ്.എസ്.എ വിഹിതം നൽകൽ	ജില്ലാ പ്രോജക്റ്റ് കോർഡിനേറ്റർ, എസ്.എസ്.കെ	22100816/30.9.21 22100951/14.3.22	500000 296473	
5	76/22 സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ - കെ.എസ്.ഇ.ബി-യ്ക്ക് തുക കൈമാറൽ	കെ.എസ്.ഇ.ബി	22100603/9.7.21	39801	
6	97/22 ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ്	കെ.എസ്.ഇ.ബി	22100728/14.2.22 22100729/14.2.22 22100772/31.3.22	30423 13087 56490	കെ.എസ്.ഇ.ബി-യുമായി കരാറിലേർപ്പെട്ടിട്ടില്ല.
7	107/22 സ്ട്രീറ്റ് മെയിൻ വലിക്കൽ	കെ.എസ്.ഇ.ബി	22100730/26.3.22 22100774/31.3.22	148798 351202	കെ.എസ്.ഇ.ബി യുമായി കരാറിലേർപ്പെട്ടിട്ടില്ല.

വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം, രശീതി എന്നിവ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-31 എം.സി.എഫ്-ൽ ബേലിംഗ് യൂണിറ്റ് സ്ഥാപിക്കൽ- യൂണിറ്റ് പ്രവർത്തന സജ്ജമാക്കിയിട്ടില്ല

പ്രോജക്റ്റ് നം. - 144/22

വൗച്ചർ നം. – 22100777/31.3.22 തുക 494900

പ്ലാസ്റ്റിക് മാലിന്യങ്ങൾ വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച് ക്രഷിംഗ് ചെയത് ക്ലീൻ കേരള കമ്പനിയ്ക്ക് നൽകുന്നതിനായി ബേലിംഗ് യൂണിറ്റ് സ്ഥാപിക്കുകയും 3ഫേസ് കണക്ഷൻ എടുക്കുക എന്നതുമാണ് പദ്ധതിയുടെ ലക്ഷ്യം. ജെം മുഖേനയാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. സോഹം ഇംപക്സ്, രാജ്ഘോട്ട് എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. എന്നാൽ 3 ഫേസ് കണക്ഷൻ എടുക്കുകയോ മെഷീൻ സ്ഥാപിക്കുകയോ ചെയ്തിട്ടില്ല.

വാറണ്ടി പിരീഡ് മെഷീൻ വിതരണ തിയതി മുതൽ ഒരു വർഷമാണെന്നിരിക്കെ 17.3.22 ന് ഡെലിവറി ചെയ്ത മെഷീന്റെ വാരണ്ടി കാലാവധി അവസാനിക്കാറായിട്ടും നാളിതുവരെ 3 ഫേസ് കണക്ഷൻ എടുക്കാത്തതും മെഷീൻ സ്ഥാപിക്കാത്തതും സംബന്ധിച്ച് എൻക്വയറി (31/13.1.23) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിക്കാത്തതിന് മറുപടി ലഭ്യമാക്കേണ്ടതും യൂണിറ്റ് പ്രവർത്തന സജ്ജമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-32 സ്ട്രീറ്റ് ലൈറ്റ് എ.എം.സി- രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

സ്ട്രീറ്റ് ലൈറ്റ് എ.എം.സി എന്ന പേരിൽ തൻവർഷം സ്പിൽ ഓവർ പദ്ധതി ഉൾപ്പെടെ രണ്ട് പദ്ധതികൾക്ക് തുക ചെലവഴിച്ചിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് നം - 118/22

വൗച്ചർ നം - 22100847/18.11.21 – 100753

2. പ്രോജക്ട് നം - 92/22

വൗച്ചർ നം - 22101005/21.12.21 – 84820

22100975/22.3.22- 84820

22100893/15.1.22 - 84820

മേൽ രണ്ട് പദ്ധതികളിലും ടെണ്ടർ നടപടികളിലൂടെ വേണുഗോപാലമേനോൻ എന്നയാൾക്കാണ് കരാർ ഏൽപ്പിച്ച് നൽകിയിരിക്കുന്നത്. പദ്ധതികളുടെ നടത്തിപ്പിൽ കണ്ടെത്തിയ പൊതു

വായ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 15.9.2011-ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 3055/ഡി.എ.3/2011 നമ്പർ സർക്കുലർ പ്രകാരംതെരുവ് വിളക്കുകൾ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പർ കരാറുകാരൻ പ്രസിദ്ധപ്പെടുത്തേണ്ടതും ഇപ്രകാരം ലഭിക്കുന്ന പരാതികളുടെ സമയം, തീയതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം (പോസ്റ്റ് നമ്പർ ഉൾപ്പെടെ) എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കേണ്ടതും ഇതേ രജിസ്റ്ററുകൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ, വൈദ്യുതി ബോർഡിന്റെയോ ഓഫീസുകളിൽ സൂക്ഷിക്കേണ്ടതുമാണ്. പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തണം എന്നും നിർദ്ദേശമുണ്ട് അപ്രകാരം ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കിച്ചിട്ടില്ല.

2.തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത കരാറുകാരൻ കേടുവന്ന വിളക്കുകൾ പഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിക്കുകയോ ആരെങ്കിലും പരിശോധിക്കുകയോ അൺ സർവ്വീസബിൾ ആർട്ടിക്കിൾസ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ ചെയ്തിട്ടില്ല.

3. സെക്രട്ടറിയുടെ 16.12.21 ലെ എ2-191/21 ാം നമ്പർ കത്ത് പ്രകാരം ക്രൂസിൽ നിന്നും ലഭിച്ച 60ബൾബുകൾ വിവിധ വാർഡുകളിലെ പോസ്റ്റിൽ ഫിറ്റ് ചെയ്യുന്നതിന് കരാറുകാരനോട് നിർദ്ദേശിച്ചതിൽ 10എണ്ണം മാത്രമാണ് ഇൻസ്റ്റാൾ ചെയ്തിട്ടുള്ളത് എന്നും ബാക്കി 50 എണ്ണം ഫിറ്റ് ചെയ്യണമെന്നും കരാറുകാരനോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നാൽ ആയതിന്റെ ഇൻസ്റ്റാലേഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ ചൂണ്ടി കാണിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി (31/13.1.23)നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-33 ടി.വി സദനത്തിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ - ചെലവ് രേഖകൾ ഹാജരാക്കിയില്ല തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. - 120/22

വൗച്ചർ നം. - 22100989/26.3.22 – 20459

- 22100987/25.3.22 – 13999

-22100963/19.3.22 - 4200

ടി.വി സദനത്തിലേക്ക് മേശ, കസേര പ്രോജക്ടർ എന്നിവ വാങ്ങുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്. ജെം മുഖേന ശ്രീബാലാജി കളക്ഷൻ എന്റർപ്രൈസസ് (ഇൻവോയ്സ് നം - 837/12.3.22), എന്ന സ്ഥാപനത്തിൽ നിന്ന് സ്റ്റീൽ അലമാരയും, സൂര്യ ഹോം അപ്ലൈൻസസ് (2125/8.3.22) എന്ന സ്ഥാപനത്തിൽ നിന്നും പ്രോജക്ടറും വാങ്ങിയിട്ടുണ്ട്.

ഇതിൽ പ്രോജക്റ്റർ അഭിജിത്ത് ടി. എസ് എന്നയാൾ കൈപ്പറ്റിയതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ടിയാന് കൈമാറുന്നതുമായി ബന്ധപ്പെട്ട് യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇപ്രകാരം ഉപകരണങ്ങൾ കൈമാറുന്നതിന് കരാർ വെച്ചതായി കാണുന്നില്ല. കൂടാതെ സുലേഖ ചെലവ് പത്രിക പ്രകാരം 38658 രൂപ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 34458രൂപയുടെ രേഖകളാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്.

മേൽ പ്രകാരം പ്രൊജക്റ്റർ കൈമാറിയതും, കരാർ സംബന്ധിച്ചുമുള്ള രേഖകളും 4200 രൂപയുടെ ചെലവ് രേഖകളും ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് എൻക്വയറി (31/13.1.23) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ പദ്ധതിയ്ക്കായി ചെലവഴിച്ച 38658 രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.

1-34 ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം- ചെലവ് രേഖകൾ ഹാജരാക്കിയില്ല തുക തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം. - 67/22

വൗച്ചർ നം. – 22100973/22.3.22 – 17376

രജിസ്റ്റേഡ് ക്ലബുകൾ സ്പോർട്സ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയിൽ ജെം മുഖേനയാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. തൻവർഷം പിരമിഡ് സെയിൽസ്, മീററ്റ് എന്ന സ്ഥാപനത്തിൽ നിന്നും ബാറ്റ് വാങ്ങിയതിനാണ് മേൽ പ്രകാരം തുക ചെലവഴിച്ചിരിക്കുന്നത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ

1. വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുക്കുകയോ വിതരണം ചെയ്യുകയോ ചെയ്തതായി കാണുന്നില്ല.

2.എത്ര ക്ലബുകളാണ് അപേക്ഷ സമർപ്പിച്ചതെന്ന് വ്യക്തമല്ല. അപേക്ഷകളും രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

3. ഓരോ ക്ലബുകൾക്കും അവരുടെ ആവശ്യത്തിനും സാദ്ധ്യതയ്ക്കും അനുസരിച്ചുള്ള സ്പോർട്സ് ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ് അപ്രകാരം ഒരു ലിസ്റ്റ് തയ്യാറാക്കി സമർപ്പിച്ചതായും കാണുന്നില്ല.

3. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ക്ലബുകളുടെ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ ചൂണ്ടി കാണിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി (31/13.1.23) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 17376 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-35 ലൈഫ് പദ്ധതി (എസ്.സി) – തുടർനടപടി വിവരം അറിയിക്കേണ്ടതാണ്

പദ്ധതി നം. - 6/22

വൗച്ചർ നം. – 22100131/19.11.2021 തുക 160000

പട്ടിക ജാതി വികസന വകുപ്പ് മുഖേന 2018-19ൽ നടപ്പിലാക്കിയ ഭൂരഹിത ഭവന രഹിത പട്ടികജാതിക്കാരെ പുനരധിവസിപ്പിക്കുന്ന പദ്ധതി പ്രകാരം അശ്വതി ബാബു, ചിറ്റിലപ്പിള്ളി എന്നവർക്ക് മുല്ലശ്ശേരി വില്ലേജിൽ 168/2 നമ്പർ സർവേ നമ്പറിലുള്ള ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുകയും ,പിന്നീട് ലൈഫ് പദ്ധതി പ്രകാരം വീട് പണിയുന്നതിന് പഞ്ചായത്തിൽ നിന്നും A3-6389/2020 Dt. 27.1.21പ്രകാരം ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുകയും ചെയ്തിരുന്നു. തുടർന്ന് ടിയാരിയുമായി കരാറിലേർപ്പെട്ട് 23.9.21 ന് ആദ്യ ഗഡു 40000 രൂപ തറപ്പണിക്ക് അഡ്വാൻസ് നൽകുകയും ചെയ്തു.

4.6.22ലെ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറുടെ ഡി.എസ്.സി (3)816/21നമ്പർ കത്ത്, 20.6.22-ലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് എന്നിവ പ്രകാരം ടി സ്ഥലത്ത് കെട്ടിട നിർമ്മാണം നടത്തിയാൽ ജീവനും സ്വത്തിനും ആപത്ത് വരാൻ സാധ്യതയുള്ളതായി അറിയിച്ചതിനാൽ കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019റൂൾ 16പ്രകാരം പെർമിറ്റ് റദ്ദ് ചെയ്തുകൊണ്ട് 21.6.22 ലെ എ3/6389/22കത്ത് പ്രകാരം സെക്രട്ടറി ഗുണഭോക്താവിനെയും പട്ടികജാതി വികസന ഓഫീസറെയും അറിയിക്കുകയും ചെയ്തു. ഭവന നിർമ്മാണം തുടരാത്ത പക്ഷം തുക തിരികെ ലഭിക്കുന്നതിുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് എൻക്വയറി (23/13.1.23) നൽകിയതിന് വേറെ ഭൂമി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ പട്ടികജാതി വികസന ഓഫീസർ മുഖേന നൽകിയിട്ടുള്ളതാണെന്നും ആയതിന്മേൽ തീരുമാനം ലഭിക്കുന്ന മുറയ്ക്ക് മേൽ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-36 പൂർത്തീകരണ കാല താമസം- പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012-ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്. ആദ്യതവണ കരാർ കാലയളവിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് കരാർ കാലയളവിന്റെ 25% അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്. അസി. എഞ്ചിനീയർ 2021-22 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലവധി നീട്ടി നൽകാനായി, കരാറുകാരൻ അപേക്ഷ നൽകുകയോ, ഭരണസമിതി തീരുമാനമെടുക്കുകയോ ചെയ്ത രേഖകൾ ഫയലില്ല.പൂർത്തീകരണ കാലതാമസത്തിന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.(സ.ഉ.(സാധാ)നം.1444/2021/തസ്വഭവ. തീയതി 31.7.2021 പ്രകാരം പൂർത്തീകരണ കാലാവധി 6 മാസം കൂടി നീട്ടി നൽകാവുന്നതാണ്.

ക്രമ നം.	പ്രവൃത്തിയുടെ വിവരം	എഗ്രിമെന്റ് തീയതി	പൂർത്തീകരിക്കേണ്ട തിയതി	പൂർത്തീകരിച്ച തിയതി	ഈടാക്കേണ്ട പിഴ
1.	41/21, 167/22(സ്പിൽഓവർ) അംഗൻവാടി നം.43അറ്റകുറ്റപ്പണി കരാറുകാരൻ - അജിതൻ.പി.ബി PAC .441259.14 എഗ്രിമെന്റ് നം.17/AE /LSGDMLSY/2020-21 Dt.16-9-2020 അളവു പുസ്തകം- 209/20-21 ഫൈനൽബിൽ141723 ട്രഷറി ബിൽ 42/31-3-22 വൗച്ചർനം- 22100993/29-3-22	16-9-20	14-9-21(TS പ്രകാരം ആറുമാസം ,15-3-21 (സ.ഉ.(സാധാ)നം.1444/2021 /ത.സ്വ.ഭ.വ. തീയതി -24-7-2021 പ്രകാരമുള്ള ഇളവുകൂടി ചേർത്ത് 14-9.2021	31-12-21	PAC യുടെ1% PAC441259.14 PAC യുടെ1% =4413
2.	78/21 174/22 അംഗൻവാടി 37-മുറ്റംടൈൽ വിരിക്കൽ കരാറുകാരൻ- അജിതൻ.പി.ബി. PAC-97811 എഗ്രിമെന്റ് 21/AE/LSGD /MLY/22-9-20 MB-240/22 ഫൈനൽബിൽ 108908 ട്രഷറി	22-9-20	20-9-21(TS പ്രകാരം ആറുമാസം, 21-3-21) (സ.ഉ.(സാധാ)നം.1444/2021 /ത.സ്വ.ഭ.വ. തീയതി 24-7-21 പ്രകാരമുള്ള ഇളവുകൂടി ചേർത്ത് 20-9.2021	21-3-22	PAC യുടെ2% PAC-97811 PAC യുടെ2% 1956

	ബിൽ45/31-3-22 വൗച്ചർനം 22100998/30-3-22				

നിയമാനുസൃത പിഴ 6369 രൂപഈടാക്കി, വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി -33/16-1-2023-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

1-37 കമ്മിറ്റി തീരുമാനം- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

മുല്ലശ്ശേരി ഗ്രാമ പഞ്ചായത്ത് 11 വാർഡിൽ 34നംപർഅംഗൻവാടിക്കു വേണ്ടി മുല്ലശ്ശേരി വില്ലേജ് സർവെ നം.146/6 ൽ പെട്ട 5 സെന്റ് സ്ഥലം അക്വിസിഷൻ ചെയ്യുന്നതിന് രണ്ട് തവണയായി അക്വിസിഷൻ സ്പെഷൽ തഹസിൽദാരുടെ പേരിൽ 198887 രൂപ കെട്ടി വെച്ചതായും, പഞ്ചായത്ത് കമ്മിറ്റിയുടെ 18-8-21 ലെ അജണ്ട17, തീരുമാനം1 പ്രകാരം, വിഷയം സംബന്ധിച്ച്, തുടർ നടപടികൾ സ്വീകരിക്കുവാൻ തീരുമാനമെടുത്തതായും കാണുന്നു.തുടർ നടപടി

വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി-25/13-1-23) തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-38 വിവിധ കുടി വെള്ള പദ്ധതികൾ,ബോർവെൽ നിർമ്മാണം എന്നിവക്കായി ഭൂജല വകുപ്പിന് കൈമാറിയ തുക -പൂർത്തീകരണ വിവരങ്ങൾ ലഭ്യമായിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയവിവിധ കുടി വെള്ള പദ്ധതികൾ,ബോർവെൽ നിർമ്മാണംഎന്നിവക്കായി ഭൂജല വകുപ്പിന് കൈമാറിയ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ്	ഫണ്ട്,അടങ്കൽ	ചെലവ്,ഇ വൗച്ചർനം	റിമാർക്സ്
169/22ബോർവെൽ നിർമ്മാണം,അംഗൻവാടി നം.50	CFC 100000	57000 22100851/19-11-21	പൂർത്തീകരണ വിവരങ്ങൾ ലഭ്യമായിട്ടില്ല
194/22ബോർവെൽ നിർമ്മാണം,വിവിധഅംഗൻവാടികൾ	CFC 300000	265000 1.94200-22100850/19-11-21 2.170800-22100934/26-2-22	പൂർത്തീകരണ വിവരങ്ങൾ ലഭ്യമായിട്ടില്ല
86/22പൂച്ചക്കുന്ന് കുടിവെള്ള പദ്ധതിബോർവെൽ നിർമ്മാണം	CFC 200000	200000 20010073/25-2-22	പൂർത്തീകരണ വിവരങ്ങൾ ലഭ്യമായിട്ടില്ല

പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 24/13-1-23)

1-39 കന്നുക്കുട്ടി പരിപാലനം- വിട്ടുപോയ ഗുണഭോക്താക്കൾക്കായി അടവാക്കിയ സബ്സിഡി തുക SLBP യിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

പദ്ധതി നമ്പർ 19/21-22

ചെലവ്- 375000/- (വികസനഫണ്ട് പൊതുവിഭാഗം)

ഇ ബിൽ വൗച്ചർ നം./ തിയതി- 22100829/16.10.21

കന്നുകുട്ടി പരിപാലനം എന്ന മേൽ പദ്ധതിയിൽ 30 ഗുണഭോക്താക്കളുടെ കന്നുക്കുട്ടികൾക്ക് താണവീഥി ക്ഷീരസംഘം മുഖേന കാലിത്തീറ്റവിതരണം നടത്തിയതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും വിട്ടുപോയതായി കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

പദ്ധതി നം.	ഗുണഭോക്താവിന്റെ പേര്	തീറ്റ വാങ്ങിയതിന്റെ വിവരം
19/21-22	ബാബുരാജൻ, വടക്കത്ത് ഹൗസ്	2/2022 വരെ
19/21-22	എൽസി, ചുങ്കത്ത് ഹൗസ്	7/2022 വരെ

ഇത്തരത്തിൽ പദ്ധതി പൂർത്തീകരിക്കാതെ പദ്ധതിയിൽ നിന്നും വിട്ടുപോയ ഗുണഭോക്താക്കൾക്ക് വേണ്ടി എസ്.എൽ.ബി.പി യിൽ അടവാക്കിയ സബ്സിഡി തുക എസ്.എൽ.ബി.പി പ്രോജക്റ്റ് ഡയറക്ടറിൽ നിന്നും പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതും പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് SLBP

ഡയറക്ടറിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്റ്റിന്റെ പേര്	ചെലവ്	ബാലൻസ്
ജില്ലാ പഞ്ചായത്ത്	2021-22	500000	കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ	250000	250000
		990000	തിരുനെല്ലൂർ- ചുക്ക് ബസാർ റോഡ് മെയിന്റനൻസ്	566751	423249
		495000	14- ാം വാർഡ് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ വിപുലീകരണവും അനുബന്ധ സൗകര്യങ്ങളും	241742	253258
		200000	ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	200000	0
		200000	അംഗനവാടി പോഷകാഹാരം	200000	0
		1000000	ലൈഫ് പദ്ധതി (ജനറൽ)	1000000	0
ബ്ലോക്ക് പഞ്ചായത്ത്	2021-22	120000	ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി	120000	0
		600000	അന്നകര ചിറയ്ക്കൽ പാടശേഖരത്തിലേയ്ക്ക് ട്രാൻസ്ഫോർമർ സ്ഥാപിയ്ക്കൽ	593713	6287
		200000	സ്കോളർഷിപ്പ്ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക്	200000	0
		1000000	ലൈഫ് പദ്ധതി (ജനറൽ)	0	1000000
		200000	ലൈഫ് പദ്ധതി(എസ് സി)	0	200000

സാമ്പത്തിക വർഷത്തെ വിവരങ്ങൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ഇതു മൂലം വാർഷികകണക്കുകളിലെ B-4 പട്ടികയുമായി പൊരുത്തപ്പെടുത്താൻ കഴിഞ്ഞില്ല. ഫണ്ട് വിനിയോഗം വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവർത്തിയുടെ പേര്	വൗച്ചർ നം. / ചെക്ക് നമ്പർ	മുൻകൂർ നല്കിയ തുക	ചെലവഴിച്ച തുക	ബാലൻസ്
കെ.എസ്.ഇ.ബി	സ്ട്രീറ്റ് മെയ്ൻ എക്സ്റ്റൻഷൻ	ലഭ്യമല്ല	39801	39801	0
	സ്ട്രീറ്റ് മെയിൻ വലിക്കൽ		500000	500000	0
	ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിങ്ങ്		100000	100000	0
	അന്നകര-ചിറയ്ക്കൽ പാടശേഖരത്തിലേയ്ക്ക് ട്രാൻസ്ഫോർമർ സ്ഥാപിയ്ക്കൽ		643713	643713	0
ഭൂജലവകുപ്പ്	പൂച്ചക്കുന്ന് കുടിവെള്ള പദ്ധതി	ലഭ്യമല്ല	200000	200000	0
	സി എച്ച് സി ലക്ഷം വീട് കോളനി കുടിവെള്ള പദ്ധതി-കുഴൽ കിണർ നിർമ്മാണം		600000	600000	0
	50 ാം നമ്പർ അങ്കണവാടി കിണർ നിർമ്മാണം വാർഡ് 2		57000	57000	0
	ഊരകം കുടിവെള്ള പദ്ധതി (അങ്കണവാടി140) മെയിന്റനൻസ്		66000	65389	611
	അങ്കണവാടികളിൽ കിണർ നിർമ്മാണം		265000	265000	0
	ഹനുമാൻകാവ് കുടിവെള്ള പദ്ധതി മെയിന്റനൻസ്		78000	54404	23596
	കോർളി കുടിവെള്ള പദ്ധതി		82000	82000	0

സാമ്പത്തിക വർഷത്തെ കണക്ക മാത്രമാണ് സ്ഥാപനം ലഭ്യമാക്കിയിട്ടുള്ളത് എന്നതിനാൽ വാർഷികകണക്കുകളിലെ B-18 പട്ടികയുമായി പൊരുത്തപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. വിവരങ്ങൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4-3 സ്ഥിര നിക്ഷേപം

1	വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം	5000	
2	തൻവർഷം നിക്ഷേപിച്ച തുക	0	
3	ആകെ	5000	
4	തന്നാണ്ടിൽ പിൻവലിച്ച തുക	0	
5	വർഷാവസാനം അവശേഷിക്കുന്ന	5000	

	സ്ഥിരനിക്ഷേപം		
6	വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം	നിക്ഷേപത്തിന്റെ വിവരം	തുക
		സ്പിന്നിങ്ങ് മിൽ വിരുപ്പാക്ക	5000

4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പതുകയുടെയും വിശദവിവരം

വായ്പയുടെ പേര്/ഉദ്ദേശം	ഉത്തരവ് നമ്പർ/തീയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻ വർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
KURDFC ലൈഫ് ഭവന പദ്ധതി	ജി.ഒ (എം എസ്)68/2018 /തി18.05.2018	5161087	3341466	1085334		2724133

4-5 ഓഡിറ്റ് റിക്കവറി

ഇല്ല.

4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ലഭ്യമാക്കിയില്ല.

4-7 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ലഭ്യമാക്കിയില്ല.

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ). സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	79662524
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	79485746
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	328584

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം.	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-23	272550	ഡോ എം. എ രാമചന്ദ്രൻ,മെഡിക്കൽ ഓഫീസർ സി.എച്ച്.സി
1-33	38658	വേണഗോപാൽ, സെക്രട്ടറി
1-34	17376	വേണഗോപാൽ, സെക്രട്ടറി
ആകെ	328584	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ക്രമ. നം.	തടസ്സത്തിന് ഉത്തരവാദികളായവരുടെ പേര്	സ്ഥിരം മേൽവിലാസം
1	ഡോ എം എ രാമചന്ദ്രൻ,മെഡിക്കൽ ഓഫീസർ സി എച്ച് സി	മുടത്തോളി വീട്,കാഞ്ഞാണി പി ഒ
2	ശ്രീ വേണുഗോപാൽ,സെക്രട്ടറി	20/86/1 കൃഷ്ണകൃപ, ടെമ്പിൾ റോഡ്, പൂത്തോൾ പി ഒ, തൃശ്ശൂർ- 680004

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും

ക്രമ നം.	ഓഡിറ്റ് റിപ്പോർട്ട് വർഷം	ഓഡിറ്റ് റിപ്പോർട്ട് നമ്പർ	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ	റിമാർക്സ് (CAR/CASE/CH/SCH)
1	1997-98	LFT.15-839/99 Dt. 8.6.2000	4	43, 44(I,II), 53, 54	
2	1999-2000	LFT.15-245/03 Dt. 6.9.03/12.11.03	9	10, 46,48	
				49	CAR
				50	CAR
				53	CAR
				55	
				56	CAR
				59	
3	2000-01	LFT.15-1056/04 Dt.7.1.05	1	2-12	
4	2002-03	LFT(15)-353/05 Dt.30.08.05	4	3-1, 3-9, 3-10, 3-12	
5	2003-04	LFT(15)-1875/06 Dt.30.5.07/6.8.07	9	3-7(1,2), 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15	
6	2004-05	LFT(15)1964/08 Dt.14.09.09/8.12.09	5	3-7	
				3-12	
				3-13	
				3-14	
				3-15	
7	2005-06	LFT(15)-1965/08 Dt.14.9.09	4	3-8(1,2), 3-12, 3-16, 3-17	

8	2006-07	LFT(15)-754/10 Dt.29.11.10/31.5.11	5	2-2b	
				2-3,3-1	
				3-8	
				3-9	
9	2007-08	LFT(P7)-1811/10 Dt.31.5.11	4	2-1	
				3-2	
				3-4	
				3-5	
10	2008-09, 2009-10, 2010-11	LFT(P5)-2180/12 Dt. 11.03.13/07.06.13	7	2-1	
				2-3	
				3-1(5,6)	
				3-5	
				3-6(4)	
				3-8	
				3-9	
11	2011-12	LFT(P5)-2001/13 Dt.3.4.14/12.6.14	6	2-4(a)	
				2-5	
				3-2	
				3-3	
				3-4	
				3-5	
12	2012-13	KSATSR(P5)-1286/14 Dt. 24.3.15	7	2-2(1)	
				2-3	
				3-1	
				3-3	
				3-8	
				3-12	
				3-20	
13	2013-14	KSATSR(P5)-750/15 Dt.6.10.15/12.10.15	12	2-1, 2-2, 2-3	
				3-1	
				3-2	
				3-3	
				3-6	
				3-7(a,b)	
				3-9	
				3-11	

				3-13	
14	2014-15	KSATSR(P5)-1254/16 Dt.26.7.16/30.7.16	8	2-1	
				2-2	
				3-2	
				3-3	
				3-4	
				3-5	
				3-6	
				3-8	
15	2015-16	KSATSR(P5)-124/17 Dt.2.2.17/10.2.17	5	2-1	CAR
				3-2(8)	
				3-3	
				3-6	
				3-7	
16	2016-17	KSATSR(P5)-1565/17 Dt.24.11.17/15.12.17	22	2-2, 2-3	
				2-4	
				2-5	
				3-1	
				3-2	
				3-3	
				3-4	
				3-5	
				3-6	
				3-7	
				3-8	
				3-9, 3-10, 3-11	
				3-12, 3-13	
				3-14	
				3-15	
				3-16	
				3-18, 3-19	
17	2017-18	KSATSR(P5)141/19 Dt. 06.05.19	12	2-1	
				2-2	
				2-3	
				2-4	
				3-1	
				3-3	
				3-5	
				3-7	

				3-8	
				3-9	
				3-10	
				4-5	
18	2018-19	KSATSR(P9)1172/2020, 07.12.2020	10	1-11,1-13,1-15,1-16, 1-17,1-19,1-20,1-21, 1-23,1-24	
19	2019-20	KSATSR(P9)1598/2021, 24.05.2022	33	1-1,1-2,1-3,1-4,1-5,1-6, 1-7,1-8,1-9,1-10,1-11, 1-12,1-13,1-14,1-15,1-16, 1-17,1-18,1-19,1-20,1-21, 1-22,1-23,1-24,1-25,1-26 1-27,1-28,1-29,1-30, 1-31,1-32,2-1	
20	2020-21	KSATSR(P9)1599/2021, 24.05.2022	42	1-1,1-2,1-3,1-4,1-5,1-6, 1-7,1-8,1-9,1-10,1-11, 1-12,1-13,1-14,1-15,1-16, 1-17,1-18,1-19,1-20,1-21, 1-22,1-23,1-24,1-25,1-26 1-27,1-28,1-29,1-30, 1-31,1-32,1-33,1-34, 1-35,1-36,1-37,1-38, 1-39,1-39,1-40,1-41,2-1	
	ആകെ		209		

ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്